## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6007** **19.11.2019-ൽ മറുപടിയ്ക്ക്**

**<u>പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ് സംവിധാനം</u>**

| ചോദ്യം | | | മറുപടി |
|---|---|---|---|
| **ശ്രീ.അനിൽ അക്കര** | | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ** (ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | പ്രാഥമിക കാർഷിക സഹകരണ സംഘം ബാങ്കുകളിൽ കോർ ബാങ്കിംഗ് പദ്ധതി നടപ്പിലാക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്; | (എ) യും (ബി) യും | പ്രാഥമിക ഘട്ടത്തിലാണ്. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ കോർബാങ്കിംഗ് പദ്ധതി നടപ്പിലാക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു സെക്രട്ടറിതല കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ ശുപാർശ പ്രകാരം ഇക്കാര്യത്തിൽ ഇഫ്ലാസ് സമർപ്പിച്ച പ്രൊപ്പോസലിന്റെ സോഫ്റ്റ്‌വെയർ സാങ്കേതികത, സോഫ്റ്റ്‌വെയർ ചെലവ് എന്നിവ ചർച്ച ചെയ്ത് ശുപാർശ സമർപ്പിക്കുന്നതിന് ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് സെക്രട്ടറി ചെയർമാനായി ഒരു ഉദ്യോഗസ്ഥതല സമിതിയെ നിയോഗിക്കുകയും ടി സമിതി സർക്കാരിൽ ശുപാർശ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | ഇതു സംബന്ധിച്ച് പഠിക്കുവാൻ നിയോഗിച്ച ഔദ്യോഗികതല സമിതിയുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | | |
| (സി) | ഈ പദ്ധതിക്കായി എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത്; | (സി) | 2019-2020 സാമ്പത്തിക വർഷം ബഡ്ജറ്റിൽ സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ എന്നിവയുടെ കമ്പ്യൂട്ടർവൽക്കരണം, കോർ ബാങ്കിംഗ്, എ.റ്റി.എം സംവിധാനം, സാങ്കേതിക നവീകരണം, ആധുനിക സാങ്കേതിക ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്കായി 15 കോടി വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുവാൻ ഏത് ഏജൻസിയെയാണ് നിയോഗിച്ചിട്ടുള്ളത്? | (ഡി) | കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുവാൻ ഒരു ഏജൻസിയേയും ചുമതലപ്പെടുത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**